(14) ഷൺമുഖം കനാൽ നവീകരണവും പാലം നിർമ്മാണവും

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഇലിങ്ങാലക്കുട നിയോജക മണ്ഡലത്തിലെ പടിയൂർ, പൂമംഗലം എന്നീ പഞ്ചായത്തുകളിലൂടെയും ഇരിങ്ങാലക്കുട മുനിസിപ്പാലിറ്റിയിലൂടെയും കടന്നുപോകുന്നതാണ് ഷൺമുഖം കനാൽ. കനോലി കനാലിന്റെ ഫീഡർ കനാലായിട്ടാണ് ഷൺമുഖം കനാൽ അറിയപ്പെടുന്നത്. ഇതിന്റെ ഒന്നാംഘട്ട നവീകരണം പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്. രണ്ടാംഘട്ട നവീകരണത്തിനു വേണ്ടിയിട്ടുള്ള തുക അനുവദിച്ചുവെങ്കിലും അതിന്റെ പ്രവർത്തനങ്ങളും മറ്റ് അനന്തര നടപടികളും ചെയ്യാൻ സാധിച്ചിട്ടില്ല. ഷൺമുഖം കനാലിന്റെ കുറുകെയുള്ള പാലം നിർമ്മിച്ചിട്ട് അനേകവർഷമായതിനാൽ അത് ബലഹീനമാണ്. ആ പാലത്തിനുള്ള തുക അനുവദിക്കുകയും എ.എസ്.-ഉം ടി.എസ്.-ഉം ലഭിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഈ രണ്ട് പദ്ധതികളുടേയും നിർമ്മാണം എത്രയും വേഗം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഷൺമുഖം കനാലിന് കുറുകെയുള്ള പാലം നിർമ്മാണത്തിനുവേണ്ടി 155 ലക്ഷം രൂപയുടെ സാങ്കേതികാനുമതി പുതുക്കിയ ഷെഡ്യൂൾ പ്രകാരം 18-8-2014-ൽ നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി. അധിക നിരക്കിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ പുരോഗമിക്കുന്നു. അത് പൂർത്തീകരിച്ചാൽ പ്രവൃത്തി ആരംഭിക്കുന്നതാണ്. ഷൺമുഖം കനാലിന്റെ രണ്ടാംഘട്ട നവീകരണ പ്രവൃത്തികൾക്കായി ഏഴ് കോടി രൂപയുടെ ഭരണാനുമതി 26-2-2014-ലെ സർക്കാർ ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. ആയതിലേയ്ക്ക് ഏഴ് കോടി രൂപയുടെ പുതുക്കിയ ഷെഡ്യൂൾ പ്രകാരമുള്ള എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു. സാങ്കേതികാനുമതി നൽകുന്നമുറയ്ക്ക് മറ്റ് നടപടികൾ പൂർത്തിയാക്കുന്നതാണ്.

(15) മീനാട് കടിവെള്ള പദ്ധതിയുടെ നിർമ്മാണം

ശ്രീമതി പി. അയിഷാ പോറ്റി : സർ, ജപ്പാൻ സാമ്പത്തിക സഹായത്തോടെ നടത്തിക്കൊണ്ടിരിക്കുന്ന മീനാട് കുടിവെള്ള പദ്ധതി 2013-ൽ പൂർണ്ണമായി കമ്മീഷൻ ചെയ്യേണ്ടതായിരുന്നു. കൊട്ടാരക്കര മണ്ഡലത്തിലെ ഉമ്മന്നൂർ, വെളിയം എന്നീ രണ്ട് പഞ്ചായത്തുകളിൽക്കൂടി കടന്നുപോകുന്നതാണ് ഈ പദ്ധതി. വളരെ മന്ദഗതിയിൽ പണി നടക്കുന്ന ഈ പദ്ധതി ഇപ്പോൾ നിലച്ചിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly